# മലേറിയ ഫൗണ്ടേഷൻ

## ഇന്റർനാഷണൽ

*ലോകവ്യാപകമായി മനുഷ്യത്വത്തെ ആശ്ലേഷിക്കുന്നു*

മലേറിയ മൂലം ഉണ്ടാകുന്ന ആരോഗ്യ, സാമ്പത്തിക, സാമൂഹിക പ്രശ്നങ്ങൾക്കുള്ള പരിഹാരങ്ങൾ വികസിപ്പിക്കലും നടപ്പാക്കലും സുഗമമാക്കുക എന്നതാണ് ഞങ്ങളുടെ ലക്ഷ്യം.



**നേതൃത്വ വികസനം**

ഒരു ചർച്ചയ്ക്ക് വേണ്ട അന്തരീക്ഷം ലഭ്യമാക്കാനും, മലേറിയയ്ക്കെതിരെ പൊരുതുവാനുള്ള ഉപായങ്ങളെ കുറിച്ച് സംവാദം നടത്തുവാനും പങ്ക് വയ്ക്കുവാനും എംഎഫ്ഐ ആഗോള നേതാക്കളെയും പങ്കാളിത്തത്തെയും പരിപോഷിപ്പിച്ചെടുക്കുന്നു.



**സമുദായങ്ങൾക്കുള്ള വിദ്യാഭ്യാസം**

സാമുദായിക നേതാക്കൾക്കിടയിലും കുട്ടികൾക്കിടയിലും വിദ്യാഭ്യാസത്തെയും പിൻതാങ്ങൽ പരിശ്രമങ്ങളെയും എംഎഫ്ഐ പ്രചരിപ്പിക്കുന്നു. മലേറിയ പടർന്ന് പിടിച്ചിട്ടുള്ള പ്രദേശങ്ങളിൽ ഞങ്ങളുടെ പരിപാടികൾ സമുദായങ്ങൾക്കായി പ്രത്യേക ബന്ധങ്ങളും അവസരങ്ങളും ഉണ്ടാക്കിയെടുക്കുന്നു. അതിനിടെ, മലേറിയ ഇല്ലാത്ത രാജ്യങ്ങളിൽ നിന്നുള്ള കുട്ടികൾ ഈ രോഗം ഉണ്ടാക്കുന്ന മനക്ലേശങ്ങളോട് പെട്ടെന്ന് പ്രതികരിക്കുന്നവരായി തീർന്നിട്ടുണ്ട്.



**മലേറിയ അവബോധം**

1992 മുതൽ എംഎഫ്ഐ മലേറിയയ്ക്കെതിരെ പൊരുതുന്നതിനുള്ള ആഗോള ശ്രമങ്ങളുടെ ആവശ്യകതയെ പറ്റി ശ്രദ്ധ വളർത്തിയെടുത്തിട്ടുണ്ട്. പ്രധാന പരിശ്രമങ്ങളിൽ ഉൾപ്പെടുന്നത് : മലേറിയയെ കുറിച്ച് വിശദമായ രീതിയിൽ ആദ്യ വെബ്സൈറ്റ് ആരംഭിക്കുക, ആദ്യ മലേറിയ അവബോധ മാധ്യമ കിറ്റ് വികസിപ്പിച്ചെടുക്കുക, മലേറിയ രോഗാണുക്കളെ നിയന്ത്രണവിധേയമാക്കുന്നതിൽ ഡിഡിറ്റി ഉപയോഗം പരിമിതപ്പെടുത്തിയിരിക്കുന്നതിനെ പിന്താങ്ങുക, കൂടാതെ ആർട്ടമൈസിനിൻ–ബെയ്സ്ഡ് കോംബിനേഷൻ തെറാപ്പി(എസിറ്റി) യുടെ ഉപയോഗത്തിനുള്ള പ്രധാന ആഗോള കാൽവെയ്പിനെ പിന്താങ്ങുന്ന തരത്തിൽ ഒരു നിലപാടെടുക്കുക.




**ഗവേഷണ പിൻതാങ്ങൽ**

മലേറിയ പ്രതിരോധിക്കാനും ചികിത്സിക്കാനും പറ്റുന്ന ഒരു രോഗമാണെങ്കിൽ പോലും എംഎഫ്ഐ ശാസ്ത്രജ്ഞർ പുതിയ ഫലപ്രദമായ മരുന്നുകളും ഒരു വാക്സിനും വികസിപ്പിച്ചെടുക്കാനും പ്രയോഗത്തിൽ വരുത്താനും ഉള്ള ഗവേഷണങ്ങളെ പിന്താങ്ങുന്നു.



**നമ്മൾ ആരാണ്**

ദ മലേറിയ ഫൗണ്ടേഷൻ ഇന്റർനാഷണൽ (എംഎഫ്ഐ) ആരംഭിച്ചത് 1992 ൽ ഡോ.മേരി ആർ.ഗാലിൻസ്കി ആയിരുന്നു. വ്യത്യസ്തമായ ഒരു തൊഴിൽ അന്തരീക്ഷത്തിൽ മലേറിയ ഗവേഷകരുടെയും വിദഗ്ദന്മാരുടെയും പ്രതിജ്ഞാബദ്ധതയുടേയും അർപ്പണമനോഭാവത്തിന്റെയും സഹായത്താൽ മലേറിയ നിയന്ത്രണത്തിനും ചികിത്സയ്ക്കും പ്രതിരോധത്തിനുമായി പൂർണ്ണമായും സമർപ്പിതമായ ഒരു സ്വകാര്യ അന്താരാഷ്ട്ര സംവിധാനം സൃഷ്ടിക്കാനുള്ള പദ്ധതികൾ മുന്നോട്ട് വരപ്പെട്ടു. ഈ ഹേതുവുമായി ബന്ധപ്പെട്ടതു മുതൽ എംഎഫ്ഐ ഒരുപാട് വ്യക്തികളുമായും ഗ്രൂപ്പുകളുമായും പങ്കാളിത്തത്തോടെയാണ് പ്രവർത്തിക്കുന്നത്.

**കാലികമായ ആഗോള സംരഭങ്ങൾ**



**എൻഡ് മലേറിയ – ബ്ലൂ റിബൺ കാമ്പെയിൻ.**
അമേരിക്കൻ സൊസൈറ്റി ഓഫ് ട്രോപ്പിക്കൽ മെഡിസിൻ ആൻഡ് ഹൈജീന്റെ 2006 വാർഷിക യോഗത്തിൽ അറ്റ്ലാൻഡയിലാണ് സ്ഥാപിക്കപ്പെട്ടത്, എൻഡ് മലേറിയ –ബ്ലൂ റിബൺ മലേറിയയ്ക്കെതിരെ പോരാടുവാനുള്ള ലോകത്തിന്റെ അർപ്പണ മനോഭാവത്തിന്റെയും സമർപ്പണത്തിന്റെയും ആഴത്തിലുള്ള പ്രതീകമായി മാറുകയാണ്.

SLAM

**മലേറിയയ്ക്കെതിരെയുള്ള വിദ്യാർത്ഥി നേതാക്കൾ.**
എസ്എൽഎം എന്നത് മലേറിയയെ കുറിച്ച് മനസ്സിലാക്കുന്നതിലും എതിരെ പ്രവർത്തിക്കുന്നതിലും വിദ്യാർത്ഥികളെ ഭാഗഭാക്കാക്കുന്നതിനായി രൂപകല്പന ചെയ്ത ഒരു പരിപാടിയാണ്. 2005 മുതൽ എസ്എൽഎം പൈലറ്റ് പദ്ധതികൾ യുണൈറ്റഡ് സ്റ്റേറ്റ്സിലും ആഫ്രിക്കയിലും ഏഷ്യയിലും വികസിപ്പിച്ചു വരികയാണ്.

**ചോയ് ക്വാങ്ങ് ഡു മാർഷ്യൽ ആർട്ട് ഇന്റർനാഷണൽ.**
മലേറിയയ്ക്കെതിരെ പൊരുതുന്നതിൽ സഹായിക്കുന്നതിനായി എംഎഫ്ഐ യുമായി സികെഡി കൂട്ട് ചേർന്നിട്ടുണ്ട്. യുണൈറ്റഡ് സ്റ്റേറ്റ്സിൽ നിന്നും യുണൈറ്റഡ് കിംഗ്ഡത്തിൽ നിന്നുമുള്ള സികെഡി ഇൻസ്ട്രക്ടേഴ്സും വിദ്യാർത്ഥികളും മലേറിയ അവബോധം, വിദ്യാഭ്യാസം, സാമ്പത്തിക വികസനം എന്നിവയ്ക്ക് വേണ്ടി പിൻതാങ്ങുന്നുണ്ട്.

MBLC

**മലേറിയ ബിസിനസ് ലീഡർഷിപ്പ് കോൺഫറൻസ്** ,
മലേറിയ വിദഗ്ദർ, ബിസിനസ്, സാമുദായിക നേതാക്കൾ എന്നിവരെ മലേറിയയെ കുറിച്ചുള്ള കഠിനമായ സത്യങ്ങളും ഭിന്നരായ വ്യക്തികളുടെ കൂട്ടത്തിന് രോഗത്തിനെതിരായി എങ്ങനെ ഒന്നിച്ചു പൊരുതാം എന്നതിനെ കുറിച്ചും പഠിപ്പിക്കുന്നതിനായി ഒന്നിച്ച് കൊണ്ട് വരുന്നു.

**മലേറിയ അവാർഡ് ചടങ്ങ്.** 2006 ൽ തുടങ്ങി, എംഎഫ്ഐ ഒട്ടേറെ നേതാക്കളെ അംഗീകരിക്കുകയും അധ്യാപകർ, വിദ്യാർത്ഥികൾ, ശാസ്ത്രജ്ഞർ, മാധ്യമപ്രവർത്തകർ, ബിസിനസ് നായകർ, പ്രസിദ്ധരായ വ്യക്തികൾ , രാഷ്ട്രീയ പ്രവർത്തകർ എന്നിവരുൾപ്പെടെ മലേറിയയ്ക്കെതിരെ പോരാടുന്ന നായകന്മാരെ പാടി പുകഴ്ത്തുകയും ചെയ്യുന്നു.

എംഎഫ്ഐ യുടെ ഇപ്പോഴത്തെ പരിപാടികളെ കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക് ദയവായി ഞങ്ങളുടെ വെബ്സൈറ്റായ www.malaria.org സന്ദർശിക്കുകയോ അല്ലെങ്കിൽ ഞങ്ങളെ MFI@malaria.org. ഈ വിലാസത്തിൽ ബന്ധപ്പെടുകയോ ചെയ്യുക.

വിവർത്തനം ലഭ്യമാക്കുന്നത് **www.worldvoicecenter.com**

**June 2009**